വർഷത്തെ സേവനവും, 50 വയസ്സും പൂർത്തിയാക്കിയാൽ വോളന്ററി റിട്ടയർമെന്റിന് അപേക്ഷിക്കാവുന്നതാണ്. ഇവർക്ക് പ്രതിമാസ പെൻഷനും റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റിനും അർഹതയുണ്ട്. എന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് ജോലി ഉപേക്ഷിച്ച് പോകുകയോ രാജിവെയ്ക്കുകയോ ചെയ്യുന്ന തൊഴിലാളിക്ക് പെൻഷൻ നൽകുന്നതല്ല.

(ബി) 22,537 തൊഴിലാളികൾ.

(സി) ഇതിനകം 44 തൊഴിലാളികൾക്ക് പെൻഷനും, 11 തൊഴിലാളികളുടെ അവകാശികൾക്ക് കുടുംബപെൻഷനും, 8 പേർക്ക് റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റും ആനുകൂല്യവും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

മരംകയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി

134 (2046) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരംകയറ്റ തൊഴിലാളി ക്ഷേമനിധി പ്രകാരം അപകടം സംഭവിക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന ആൾക്ക് ഇപ്പോൾ ആശ്വാസധനമായി എത്ര രൂപയാണ് നൽകി വരുന്നത് ;

(ബി) എത്ര പേർക്ക് തുക നൽകുവാനുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) തുക ഏതു തീയതിക്കകം നൽകുവാൻ സാധിക്കും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം പതിനായിരം രൂപ നൽകി വരുന്നു.

(ബി) 1-1-1999 മുതൽ ധനസഹായം അനുവദിച്ച 127 അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

	ജില്ല	ധനസഹായം നൽകേണ്ടവരുടെ എണ്ണം
1.	തിരുവനന്തപുരം	17
2.	കൊല്ലം	12
3.	ആലപ്പുഴ	8
4.	പത്തനംതിട്ട	8
5.	കോട്ടയം	3
6.	ഇടുക്കി	ഇല്ല
7.	എറണാകുളം	10
8.	തൃശ്ശൂർ	10

LIBRARY ARCHIVES Kerala Legislative Assembly

9.	പാലക്കാട്	3
10.	മലപ്പുറം	13
11.	കോഴിക്കോട്	25
12.	വയനാട്	3
13.	കണ്ണൂർ	13
14.	കാസർഗോഡ്	2
	ആകെ	**127**

(സി) സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതോടെ 30-7-1999-ൽ 127 പേർക്കും ധനസഹായം നൽകുന്നതിനുള്ള തുക ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകുവാൻ കഴിയുന്നതാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം

135 (2047) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഓരോ ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്ര ;

(ബി) തെങ്ങുകയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പീടിക തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മരം കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ആക്ട്, സർക്കാർ നൽകേണ്ട വാർഷിക വിഹിതത്തെ സംബന്ധിച്ച സമ്മതത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) ഇല്ല.

†അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly